"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യ സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ടുള്ള പ്രദേശവാസികളുടെ എതിർപ്പുകളും ആശങ്കകളും പരിഹരിക്കുന്നതിനായി സംസ്ഥാന - ജില്ലാ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2781/2025/LSGD തീയതി,തിരുവനന്തപുരം, 10-11-2025

---

പരാമർശം:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19-09-2025-ലെ 1856/എ/2025/എസ്.എം നമ്പർ കത്ത്

**ഉത്തരവ്**

മാലിന്യ സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ടുള്ള പ്രദേശവാസികളുടെ എതിർപ്പുകളും ആശങ്കകളും പരിഹരിക്കുന്നതിനായി സംസ്ഥാന-ജില്ലാ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അനുമതി നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഖര-ദ്രവ മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികൾ ഉയർത്തുന്ന എതിർപ്പുകളും ആശങ്കകളും പരിഹരിക്കുന്നതിന് ഒരു സംവിധാനം അത്യാവശ്യമാണ് എന്നും അപ്രകാരമുള്ള ഒരു സംവിധാനത്തിന്റെ ഭാഗമായി ഈ വിഷയം കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കുന്നത് സഹായകമാണ് എന്നും വിലയിരുത്തിയ സാഹചര്യത്തിൽ സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും, ചുവടെ ചേർക്കും പ്രകാരം, കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സംസ്ഥാന തല കമ്മിറ്റി**

| ക്രമ നം. | ഔദ്യോഗിക സ്ഥാനം | കമ്മിറ്റി ചുമതല |
|---|---|---|
| 1. | ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | ചെയർമാൻ |
| 2. | സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | കൺവീനർ |
| 3. | ചെയർപേഴ്സൺ, മേയേഴ്സ് കൗൺസിൽ | അംഗം |
| 4. | ചെയർപേഴ്സൺ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർപേഴ്സൺസ് | -do- |
| 5. | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അസോസിയേഷൻ | -do- |
| 6. | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് | -do- |
| 7. | പ്രൊജക്റ്റ് ഡയറക്ടർ, കെ എസ് ഡബ്ല്യൂ.എം പി | -do- |

| | | |
|---|---|---|
| 8. | എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ | -do- |
| 9. | എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ | -do- |
| 10. | ചീഫ് എഞ്ചിനീയർ, LID & EW | -do- |
| 11. | മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | -do- |
| 12. | ചെയർപേഴ്സൺ, പൊല്യൂഷൻ കൺട്രോൾ ബോർഡ് | -do- |

<u>ജില്ലാ തല കമ്മിറ്റി</u>

| ക്രമ നം. | ഔദ്യോഗിക സ്ഥാനം | കമ്മിറ്റി ചുമതല |
|---|---|---|
| 1. | ജില്ലാ കളക്ടർ | ചെയർപേഴ്സൺ |
| 2. | ബന്ധപ്പെട്ട എം എൽ എ | അംഗം |
| 3. | മേയർ / ചെയർപേഴ്സൺ / പ്രസിഡന്റ് (മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശ സ്ഥാപനത്തിൽ നിന്ന് ) | -do- |
| 4. | ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് | കൺവീനർ |
| 5. | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ് | അംഗം |
| 6. | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID & EW | -do- |
| 7. | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | -do- |
| 8. | അസ്സിസ്റ്റന്റ് ഡയറക്ടർ, വേസ്റ്റ് മാനേജ്മെന്റ് തദ്ദേശ സ്വയംഭരണ വകുപ്പ് | -do- |
| 9. | ജില്ലാ ശുചിത്വ മിഷൻ കോ ഓർഡിനേറ്റർ | -do- |
| 10. | ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട രാഷ്ട്രീയപാർട്ടി പ്രതിനിധികൾ | -do- |

<u>ജില്ലാ കമ്മിറ്റിയുടെ ചുമതലകൾ:</u>

- പ്രദേശവാസികളുമായി തുറന്ന സംവാദങ്ങൾ നടത്തുക.
- മാലിന്യ സംസ്കരണത്തിന്റെ ശാസ്ത്രീയ-നിയമപരമായ പ്രാധാന്യം, ഗുണഫലങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്കരിക്കുക.
- പ്രതിഷേധത്തിന്റെ കാരണങ്ങൾ വിലയിരുത്തി നിജസ്ഥിതി മനസ്സിലാക്കുക.
- സ്വീകാര്യമായ നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുക.

<u>സംസ്ഥാന കമ്മിറ്റിയുടെ ചുമതല</u>

ജില്ലാ കമ്മിറ്റി ചെയർമാനായ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുന്ന , ജില്ലാ കമ്മിറ്റിക്ക് പരിഹരിക്കാൻ കഴിയാത്ത ഗൗരവകരമായ വിഷയങ്ങൾ പരിശോധിക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ജില്ലാ കളക്ടർമാർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID & EW

എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ്

ജില്ലാ ശുചിത്വ മിഷൻ കോ ഓർഡിനേറ്റർമാർ

ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാർ, കുടുംബശ്രീ

അസ്സിസ്റ്റന്റ് ഡയറക്ടർമാർ, വേസ്റ്റ് മാനേജ്മെന്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ/ ഓഡിറ്റ് )കേരളം, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Manish V V
Date: 10-11-2025 11:55:54

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ-ക്ക്